SUNDAY 07.07.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/07/2024

1. നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നാളികേര വികസന ബോർഡ് ധനസഹായം നൽകുന്നു. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉപയോഗിച്ച് തെങ്ങു പുതു കൃഷി പദ്ധതിയിലൂടെ കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നു. അപേക്ഷാ ഫോം ബോർഡിന്റെ www.coconutboard.gov.in എന്ന വെബ് സൈറ്റിൽ നിന്നു ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബോർഡിൽ സമർപ്പിക്കുന്ന കർഷകർക്ക് സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കും. ഒന്നാം വർഷ സബ്സിഡി ലഭിച്ചതിനു ശേഷം രണ്ടാം വർഷത്തിലേയ്ക്കുള്ള അപേക്ഷ പൂരിപ്പിച്ച് കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0484- 2377266 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ ഇപഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ജൂലൈ 17 ന് ആരംഭിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ജൂലൈ 16 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ജൂലൈ 17 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സവേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജൂലൈ 15 മുതൽ 20 വരെയുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ ക്ഷീര കർഷകർക്കായി '**ശാസ്ത്രീയമായ പശു പരിപാലനം**' എന്ന പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ജൂലൈ 12 -ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിന ബത്തയും ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്,പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004 എന്ന വിലാസത്തിലോ, 0471 - 2440911 എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

4. റബ്ബർ ടാപ്പിങ് തൊഴിലാളികൾക്കായി റബ്ബർബോർഡ് 2011 - 12 വർഷത്തിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ അവരുടെ ഈ വർഷത്തെ വിഹിതം 2024 ജൂലൈ 12 നു മുമ്പായി അതത് പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ അടച്ച് പോളിസി പുതുക്കേണ്ടതാണ്. പോളിസി പുതുക്കുന്നതുമായി ബന്ധപ്പെട്ട കത്ത് എല്ലാ അംഗങ്ങൾക്കും റബ്ബർബോർഡിൽ നിന്നും അയച്ചിട്ടുണ്ട്. കത്ത് ലഭിക്കാത്തവർ ഇത് ഒരറിയിപ്പായി കണക്കാക്കി റബ്ബർബോർഡ് റീജിയണൽ ഓഫീസുമായി ബന്ധപ്പെട്ട് പണം അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ക്ക് ഫോൺ നമ്പർ- 0481 2301231